# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 531
(29.10.2019-ലെ മറുപടിക്ക്)

**ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>(ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ താലൂക്കിൽ വയക്കര വില്ലേജിൽ റീസർവ്വേ നമ്പർ: 59/1-ൽപ്പെട്ട 5 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന് അനുവദിച്ചിട്ടുള്ള നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും, ആയതിലേയ്ക്കുള്ള Detailed Project Report തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചു വരികയുമാണ്. പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ